

# പ്രതിഭ

ദീപനാളം കുട്ടികളോടൊപ്പം

**ഹായ് കൂട്ടുകാരേ,**

**വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ – ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.**

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575
E-mail : editordeepanalam@gmail.com, Mob : 7306874714




# എന്താണു നിങ്ങളുടെ ലക്ഷ്യം?



**ഡോ. സെബിൻ എസ്. കൊട്ടാരം**

ഒരു കരിയർ ഗൈഡൻസ് സെമിനാറിൽ വച്ച് 'ഭാവിയിലെ ലക്ഷ്യം എന്താണെന്നു' ചോദിച്ചപ്പോൾ പല കുട്ടികൾക്കും വ്യക്തമായ ഉത്തരമില്ല. ചിലരാകട്ടെ, മാതാപിതാക്കൾ പറഞ്ഞുകൊടുത്തത് അതേപടി പറയുന്നു. ചിലരാകട്ടെ കൂട്ടുകാർ ചേരുന്ന കോളജും കോഴ്സും നോക്കി ആ വഴിയേ പോകാൻ താത്പര്യപ്പെടുന്നു.

ശരിയായ കരിയർ തിരഞ്ഞെടുക്കേണ്ടത് ഭാവിയിലെ വിജയത്തിനാവശ്യമാണ്. അതെന്താ 'ശരിയായ കരിയർ' എന്നു പറഞ്ഞതെന്നു ചിലർ ചോദിച്ചേക്കാം. അപ്പോൾ ശരിയല്ലാത്ത കരിയറുമുണ്ടോ?

ഒരു ഉദാഹരണസഹിതം വ്യക്തമാക്കാം. സാധാരണ നെൽക്കൃഷിയൊക്കെ ചെയ്യുന്നതിനുമുമ്പ് നിലം ഒരുക്കാറുണ്ട്. കളകളെല്ലാം പറിച്ചു നീക്കും. വിലകൂടിയ ഒരു ആപ്പിൾ ചെടി വളരുന്നതു കണ്ടാലും അതിനെ അവിടെ നിർത്തില്ല. പറിച്ചുമാറ്റും. കാരണം, നെൽവയൽ ആപ്പിളിനു വളരേണ്ട ഇടമല്ല. അതുപോലെ ഏതെങ്കിലും ഒരു കോഴ്സ് പഠിച്ചാൽ അവിടെ ഒരാൾക്കു സന്തോഷവും സംതൃപ്തിയും വലിയ വിജയവും ലഭിക്കില്ല; മറിച്ച്, ഒരു വ്യക്തിയുടെ താത്പര്യവും അഭിരുചിയും കഴിവുകളും വ്യക്തിത്വസവിശേഷതകളുമായി മാച്ച് ചെയ്യുന്നതും, ജോലിസാധ്യതയുള്ളതുമായ കോഴ്സാണ് തിരഞ്ഞെടുക്കേണ്ടത്. അതല്ലെങ്കിൽ ഒന്നുകിൽ സിലബസ് പാടാണ്, താത്പര്യമില്ല തുടങ്ങിയ കാരണത്താൽ കോഴ്സ് പാതിവഴി ഉപേക്ഷിക്കും. അതുമല്ലെങ്കിൽ, പഠനശേഷം പഠിച്ച മേഖലയുമായി ഒരു ബന്ധവുമില്ലാത്ത മറ്റു കോഴ്സുകളുടെ പിന്നാലേ പോകും. ഇനിയിപ്പോൾ ജോലിക്കു കയറിയാലും മനസ്സിൽ സംതൃപ്തി ഉണ്ടാവുകയില്ല. അതിനാൽ ഭാവിയെക്കുറിച്ച് ആദ്യം മനസ്സിൽ നിറയേണ്ടത് ലക്ഷ്യബോധമാണ്.

### *ലക്ഷ്യം ഉറപ്പിക്കാം*

ലക്ഷ്യബോധമില്ലാത്ത ഒരു കപ്പൽ ഒരിക്കലും യഥാർഥ സ്ഥലത്ത് എത്തിച്ചേർന്ന് അതിന്റെ ദൗത്യം പൂർത്തീകരിക്കുകയില്ല. അതുപോലെ ഭാവിയെക്കുറിച്ച് ലക്ഷ്യമില്ലാതെ, വരുന്നതു വരട്ടെയെന്ന മട്ടിൽ പ്രവർത്തിക്കുമ്പോൾ സമയവും ധനവും നഷ്ടമാകുന്നു. പലതിന്റെയും പിന്നാലേ പോയി ഒരിടത്തും ഉറയ്ക്കുകയില്ല. അതിനാൽ ഭാവിയിൽ ഏതു ലക്ഷ്യം തിരഞ്ഞെടുക്കണമെന്ന ബോധ്യം ആദ്യം മനസ്സിൽ വളർത്തണം.

### *ലക്ഷ്യം ഉറപ്പിക്കുമ്പോൾ പരിഗണിക്കേണ്ട ഘടകങ്ങൾ*

**1. താത്പര്യം**

നിങ്ങൾക്കു താത്പര്യമുള്ള കോഴ്സും കരിയറുമാണ് തിരഞ്ഞെടുക്കേണ്ടത്. ആരെങ്കിലും അടിച്ചേല്പിച്ചതോ, കൂട്ടുകാർ ചേർന്നതുകൊണ്ട് ചേരുന്നതോ ആകരുത്. മനസ്സിൽ താത്പര്യമുള്ളപ്പോൾ അവ പഠിക്കാനും ആ മേഖലയിൽ പ്രവർത്തിക്കാനും മടുപ്പു തോന്നുകയില്ല.

**2. അഭിരുചി**

ഓരോ വ്യക്തിക്കും വ്യത്യസ്തതരത്തിലുള്ള അഭിരുചികളുണ്ട്. അതിനനുസരിച്ചുള്ള കോഴ്സാണ് തിരഞ്ഞെടുക്കേണ്ടത്. ചിലർക്ക് എഴുതാനായിരിക്കും, ചിലർക്ക് യന്ത്രഭാഗങ്ങൾ കൂട്ടിച്ചേർക്കുന്നതിലായിരിക്കും, ചിലർക്കു വരയ്ക്കുന്നതിലായിരിക്കും... അപ്പോൾ അതിനനുസരിച്ചുള്ള കരിയർ തിരഞ്ഞെടുക്കാം.

**3. വ്യക്തിത്വസവിശേഷതകൾ**

ഓരോ വ്യക്തിയുടെയും വ്യക്തിത്വം വ്യത്യാസപ്പെട്ടിരിക്കുന്നു. ചിലർ ബഹിർമുഖരായിരിക്കും (Extrovert), ചിലർ അന്തർമുഖരായിരിക്കും (Introvert). ചിലർക്ക് മികച്ച ആശയവിനിമയശേഷിയുണ്ടായിരിക്കും. ബഹിർമുഖരായവർക്ക് മറ്റുള്ളവരുമായി കൂടുതൽ ഇടപഴകുന്ന ജോലിയാണ് താത്പര്യമെങ്കിൽ, അന്തർമുഖരായവർക്ക് അധികം ആളുകളുമായി ഇടപഴകാത്ത ജോലിയിലായിരിക്കും താത്പര്യം. അപ്പോൾ ഓരോരുത്തരുടെയും വ്യക്തിത്വസവിശേഷതകളും കോഴ്സ് തിരഞ്ഞെടുക്കുമ്പോൾ പരിഗണിക്കണം.

**4. ബുദ്ധിവൈഭവം**

പ്രശസ്ത മനഃശാസ്ത്രജ്ഞനായ ഗാർഡ്നർ, ഒരു വ്യക്തിയുടെ കരിയർ തിരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് രൂപപ്പെടുത്തിയ തിയറിയാണ് 'ഗാർഡ്നേഴ്സ് തിയറി ഓഫ് മൾട്ടിപ്പിൾ ഇന്റലിജൻസ്' (Gardner's Theory of multiple intelligence). 1983 ലാണ് ഹൊവാർഡ് ഗാർഡ്നർ എന്ന മനഃശാസ്ത്രജ്ഞൻ ഈ സിദ്ധാന്തം രൂപപ്പെടുത്തുന്നത്. ഇതനുസരിച്ച് എട്ടു വ്യത്യസ്തതരത്തിലുള്ള ബുദ്ധിവൈഭവത്തെക്കുറിച്ച് അദ്ദേഹം പറയുന്നു.

**1. Linguistic Intelligence**

സംസാര, ലിഖിത ഭാഷ മികച്ച രീതിയിൽ ഉപയോഗിക്കാനുള്ള കഴിവ്. മികച്ച കരിയർ മേഖലകൾ – എഴുത്ത്, അഭിഭാഷകവൃത്തി, അധ്യാപനം.

**2. Logical - Mathematical Intelligence**

ലോജിക്കൽ റീസണിങ്ങിലും പ്രോബ്ലം സോൾവിങ്ങിലുമുള്ള കഴിവ്. കരിയർ – ശാസ്ത്രജ്ഞർ, എൻജിനീയേഴ്സ്.

**3. Musical Intelligence**

സംഗീതത്തിലുള്ള താളം, അഭിരുചി, താത്പര്യം.

കരിയർ – ഗായകർ, ഗാനരചയിതാക്കൾ, സംഗീതസംവിധായകൻ

**4. Bodily - Kinesthetic Intelligence**

ശാരീരികചലനങ്ങളെ ശരിയായ രീതിയിൽ നിയന്ത്രിക്കാനുള്ള കഴിവ്.

മേഖല – നൃത്തം, ആയോധനകല

**5. Spatial Intelligence**

മനസ്സിൽ വിവിധ രൂപങ്ങളെ സങ്കല്പിക്കാനും മാറ്റാനുമുള്ള കഴിവ്.

പ്രൊഫഷണൽ മേഖല – ആർക്കിടെക്റ്റ്, കലാരംഗം, ഡിസൈനിങ്

**6. Inter Personal Intelligence**

മറ്റുള്ളവരുമായി മികച്ച രീതിയിൽ ആശയവിനിമയം നടത്താനും ഇടപഴകാനുമുള്ള കഴിവ്.

തൊഴിൽ – അധ്യാപകർ, സൈക്കോളജിസ്റ്റുകൾ, സെയിൽസ് പേഴ്സൺ.

**7. Intra Personal Intelligence**

ഒരാളുടെ ചിന്തകൾ, വികാരങ്ങൾ ഒക്കെ ആഴത്തിൽ മനസ്സിലാക്കാനുള്ള കഴിവ്.

തൊഴിൽ – തത്ത്വചിന്തകർ, കൗൺസിലർമാർ, ആത്മീയരംഗത്തുള്ളവർ.

**8. Naturalistic Intelligence**

പ്രകൃതിയോടും ജീവികളോടും താത്പര്യവും ഇഷ്ടവും കൂടുതലായി പ്രകടിപ്പിക്കാനുള്ള ശേഷി.

തൊഴിൽ – ബൊട്ടാണിസ്റ്റ്, കാർഷികരംഗം, ബയോളജിസ്റ്റ്, പരിസ്ഥിതിപ്രവർത്തനം.

ഓരോരുത്തരിലും ഈ ബൗദ്ധികനിലവാരം വ്യത്യസ്ത അളവിലായിരിക്കും. ഏറ്റവും ഉയർന്നുനിൽക്കുന്ന മേഖല തിരഞ്ഞെടുക്കുകയും അവ വളർത്തിയെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നതുവഴി ആ കരിയറിൽ ദേശീയ, അന്തർദേശീയ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും.

**5. തൊഴിൽസാധ്യത**

മുമ്പ് ഡിമാന്റുണ്ടായിരുന്ന പല കോഴ്സുകളും തൊഴിൽമേഖലകളും ഇന്നു കാലഹരണപ്പെട്ടു. അതിനാൽ കാലഘട്ടത്തിനനുസരിച്ച് തൊഴിൽസാധ്യതകൂടിയുള്ള കോഴ്സുകളും പ്രഫഷനും വേണം തിരഞ്ഞെടുക്കാൻ.



**അച്യുത് കെ. എസ്.**
*എം.എ. പൊളിറ്റിക്സ്
സെന്റ് തോമസ്
കോളജ് പാലാ*

കഥ

# ആരോ ഒരാൾ

പുലർച്ച. തെളിഞ്ഞുവരുന്ന പ്രഭാതത്തെ മറയ്ക്കത്തക്കവണ്ണം ഇരുണ്ട കാർമേഘങ്ങളാൽ അലംകൃതമായ ആകാശം. ഏതിരുട്ടിനും വെളിച്ചത്തിന്റെ ഒരു ഛായയുണ്ട്. കുട്ടിക്കാലത്ത് കണ്ണുകൾ ഇറുക്കിയടയ്ക്കുമ്പോൾ, ഇരുട്ടിന്റെ ആധിക്യത്താൽ കാഴ്ച പൂർണമായും നഷ്ടപ്പെടുമ്പോൾ, നടുവിൽ വെളിച്ചത്തിന്റെ ഒരു തിരി ഉണർന്നുവരുന്നത് ഞാൻ ഓർത്തുപോയി. ഇരുട്ടും വെളിച്ചവും പലവുരു കടന്നുപോയി. ഇന്നു വീണ്ടും വെളിച്ചത്തിന്റെ സമയം തുടങ്ങുകയാണ്. കണ്ണടച്ചു തുറക്കുന്ന സമയംകൊണ്ട് കോളജുജീവിതം അവസാനിച്ചു. പ്ലേസ്മെന്റ് വിളിച്ചു... ജോലിക്കത്തു കിട്ടി. നാളെ മുംബൈയിൽ ജോലി ആരംഭിക്കും. കൊച്ചിയിൽനിന്നു ഫ്ളൈറ്റ് പിടിക്കാമായിരുന്നു. പക്ഷേ, ജനിച്ച മണ്ണിൽനിന്നു തന്നെ പറക്കണം എന്നത് എന്റെ വാശിയാണെന്നുതന്നെ കരുതാം. വഞ്ചിനാട് എക്സ്പ്രസ് വന്നു ചേരുന്നതുവരെ ഞാൻ സ്റ്റേഷനിലെ നായകളുടെ കളികൾ കണ്ടിരുന്നു.

ട്രെയിൻ അഞ്ചു മിനിറ്റ് വൈകി. പരാതിയില്ല. പേഴ്സ് തുറന്നു നോക്കുവാൻ ഒരു അവസരം കിട്ടി. അത്യാവശ്യത്തിനു പണം. അച്ഛന്റെയും അമ്മയുടെയും ഫോട്ടോ. ഒപ്പം ഒരു ചുക്കിച്ചുളിഞ്ഞ പഴയചിത്രവും. നെഞ്ചിലെ താളമാറ്റം ശ്രദ്ധിക്കുവാൻ സമയം കിട്ടിയില്ല, ട്രെയിൻ എത്തിക്കഴിഞ്ഞിരുന്നു. മഴ ഇല്ലാതിരുന്നതിനാൽ യാത്രയിലെ കാഴ്ചകൾ കാണുന്നത് ദുസ്സഹമായിരുന്നില്ല. പക്ഷേ, മനസ്സിന്റെയുള്ളിൽ സിനിമാറീൽപോലെ ഓർമകൾ കടന്നു വരുമ്പോൾ അവയ്ക്കു പ്രസക്തി നഷ്ടപ്പെട്ടുപോയോ എന്നൊരു സംശയം. ഏഴുവർഷംമുമ്പ് ഇതേ യാത്രയുടെ എതിർദിശയിലേക്കു സഞ്ചരിക്കുന്നത് ഞാൻ ഓർക്കുന്നു. ബാല്യം, സൗഹൃദം, സ്നേഹം... കണ്ടറിഞ്ഞ ജീവിതത്തെ തള്ളിക്കളയുന്ന ഒരു പലായനംതന്നെയായിരുന്നു അത്. ശാശ്വതമായ എന്തെങ്കിലും ഉണ്ടെങ്കിൽ, അതു മാറ്റം മാത്രമാണെന്നു ജീവിതം പഠിപ്പിച്ചു തന്ന നാളുകൾ. എല്ലാറ്റിൽനിന്നും ഒളിച്ചോടേണ്ടിവന്നു; അവളിൽനിന്നുപോലും. നെഞ്ചിന്റെ നടുവിൽനിന്നും പൊള്ളുന്ന ഒരു വികാരം ഉണർന്നു വരുന്നു. അതിനെ സാന്ത്വനിപ്പിക്കാൻ അടുത്ത സീറ്റിലെ കുഞ്ഞ് തെല്ലല്ല ശ്രമിച്ചത്.

സമയം 10:05. തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനെ ആളൊഴിഞ്ഞു കാണുക ദുഷ്കരമാണ്. മത്സരങ്ങൾക്കായും ചില അത്യാവശ്യഇടപെടലുകൾക്കായും അപ്രതീക്ഷിതമായി പ്രത്യക്ഷപ്പെടേണ്ടിവരുമ്പോൾ ഉള്ളിൽ വിങ്ങൽ മാത്രമല്ല, ഒരു തരം ഭയംകൂടിയാണ്. എന്നെ അറിയാവുന്ന ആരെങ്കിലും ഇവിടെ ഉണ്ടാകുമോ? അതിനാൽ ചുറ്റുമുള്ള തിരക്കിലൂടെ ഒന്നു കണ്ണോടിച്ചു. പരിചയമുള്ള മുഖങ്ങൾ ഇല്ല എന്ന് ഉറപ്പുവരുത്തിയതിനുശേഷം യാത്ര ആരംഭിച്ചു. ഒന്നാമത്തെ പ്ലാറ്റ്ഫോമിൽ എത്തി ഉപയോഗശൂന്യമായ മെറ്റൽ ഡിറ്റക്ടറുകളുടെ ഉള്ളിലൂടെ കടന്നുചെന്ന് വെളിയിൽ ഇറങ്ങണം. സ്റ്റേഷനു തൊട്ടുമുമ്പിലുള്ള ക്ഷേത്രത്തിൽ ചെന്ന് ഒന്നു പ്രാർഥിക്കണം. മനസ്സിൽ ഇത്തരമൊരു റൂട്ട്മാപ്പ് നിർമ്മിച്ചുകൊണ്ട് കവാടത്തിന്റെ ദിശയിലേക്കു തിരിഞ്ഞപ്പോൾ, കാഴ്ചയ്ക്കപ്പുറത്തുനിന്ന ഒരു യുവതിയുടെ ദേഹത്ത് ബാഗ് അറിയാതെ തട്ടി. മുഖത്തു നോക്കുവാൻ തിരിയാതെ, ബാഗ് ശരിയാക്കിക്കൊണ്ട് 'ക്ഷമിക്കണ'മെന്നു പറഞ്ഞ് ഞാൻ തിരിഞ്ഞു നടന്നു. അടുത്തനിമിഷം ഞാനതു കേട്ടു: "അതേ, തന്റെ പേഴ്സ്!"

എന്റെ ശരീരം സ്തംഭിച്ചു. കണ്ണുകൾ വികസിച്ചു. ചെവിക്കുള്ളിൽ മൈക്കിന്റെ അപസ്വരംപോലൊരു ശബ്ദം മുഴങ്ങുന്നു. ഉള്ളങ്കൈ മരവിക്കുന്നു. കാലുകൾക്കു ബലക്ഷയം സംഭവിക്കുന്നതുപോലെ. ആ ശബ്ദം. അതിനുള്ളിലെ പരുങ്ങിയ ഇടർച്ച.

ഹൃദയമിടിപ്പിന്റെ താളത്തിൽ ബാക്കിയെല്ലാ ശബ്ദങ്ങളും മങ്ങിപ്പോകുന്നു. ഏഴു വർഷങ്ങൾ ഏഴു നിമിഷത്തിനുള്ളിൽ മുമ്പിലൂടെ കടന്നുപോയി. അവൾ നീട്ടിയ കൈയിലെ പേഴ്സ് എന്തോ എന്റെ കണ്ണിൽ പതിഞ്ഞില്ല.



പതിഞ്ഞത് ഏഴു വർഷംമുമ്പ് ഞാൻ വലത്തേക്കൈയിൽ അണിയിച്ച, വിധിയാൽ അവളുടെ ഇടത്തേക്കൈയിലെ ചെറുവിരലിലേക്കു സ്ഥാനം മാറ്റപ്പെട്ട ഒരു പഴയ മോതിരം മാത്രം. 'പേഴ്സ്!' അവളുടെ ഒപ്പമുള്ള പുരുഷൻ തിടുക്കം കൂട്ടുന്നതിനിടെ, എന്നിൽ വലിയ ശ്രദ്ധ നൽകാതെ അവൾ വീണ്ടും മന്ത്രിച്ചു. സർവശക്തിയും ഉപയോഗിച്ച് ഞാനത് അവളുടെ കൈയിൽനിന്നു വാങ്ങിച്ചു. ആ പുരുഷൻ നിർവികാരനായി തിരിഞ്ഞുനടന്നു. ഗദ്ഗദത്തിൽ താങ്ക്യൂ എന്നു പറഞ്ഞുകൊണ്ടു തിരിയവേ, ഒരു നിമിഷം അവളുടെ കണ്ണുകൾ എന്റെ കണ്ണുകളിൽ കൊളുത്തി. തല കറങ്ങുന്നതുപോലെ. ഒരു നിമിഷംപോലും കാത്തുനിൽക്കാതെ ഞാൻ അവിടെനിന്നു നടന്നകന്നു.

കവാടത്തിലെത്തിയ എനിക്കു മുമ്പോട്ടുനീങ്ങാനായില്ല. കാന്തവും ഇരുമ്പുകഷണവുംപോലെ അവളെന്നും എന്റെ മനസ്സിനെ ആകർഷിക്കുന്നു. ലോകത്തിലെ എന്തു നേടിയെടുത്താലും അവളുടെ നഷ്ടത്തെ നികത്താൻ എനിക്കാവില്ല. ലൗകികസുഖങ്ങളെക്കുറിച്ചുള്ള അറിവുപോലും വയ്ക്കുന്നതിനുമുമ്പു തുടങ്ങിയ പാവനമായ പ്രണയം. ഫിസിക്സിലെ 'ഓപ്പോസിറ്റ്സ് അട്രാക്ട്' എന്ന സിദ്ധാന്തം ജീവിതത്തിൽ പ്രാവർത്തികമല്ല എന്നു മനസ്സിലാക്കിയപ്പോൾ ഒരുപാട് വൈകിപ്പോയിരുന്നു. ഞാനൊരു തികഞ്ഞ ഈശ്വരവിശ്വാസി. നീ ഒരു തികഞ്ഞ നിരീശ്വരവാദി. രണ്ടു മതങ്ങൾ. രണ്ടു കാഴ്ചപ്പാടുകൾ. ഒരിക്കലും ചേരാത്ത രണ്ടു സ്വഭാവക്കാർ. നിന്നെ ലോകം വേദനിപ്പിച്ചപ്പോൾ നീ അതിനെ വെറുത്തു. എന്നെ ലോകം വേദനിപ്പിച്ചപ്പോൾ ഞാൻ അതിനെ ഓർത്തു സഹതപിച്ചു. കുടുംബം, ലഹരി... അങ്ങനെ ഒട്ടനവധി പ്രതിസന്ധികൾ വന്നു ചേർന്നപ്പോഴും നമ്മൾ അതിനെ ഒരുമിച്ചു മറികടക്കുവാൻ ശ്രമിച്ചു പക്ഷേ, ഒടുവിൽ, വിധിതന്നെ വിജയിച്ചു. സ്നേഹത്തെയും യാഥാർഥ്യത്തെയും തിരിച്ചറിയാൻ കഴിയാത്ത സമൂഹത്തിനു വേണ്ടി എനിക്കെന്റെ മനസ്സാക്ഷിയെ മറക്കേണ്ടി വന്നു; നിന്നെ മറക്കേണ്ടി വന്നു. ജീവനേക്കാൾ സ്നേഹിച്ചതു നഷ്ടപ്പെടുമ്പോൾ ജീവന്റെ പ്രസക്തി കുറഞ്ഞുപോകുന്നുവോ? ഭയപ്പെട്ടതെല്ലാം സംഭവിച്ചപ്പോൾ, മോഹങ്ങളുടെ കൊട്ടാരം തകർന്നുവീണപ്പോൾ എനിക്കു ശബ്ദം ഇല്ലാതെയായിപ്പോയി. വിധിയുടെ വിളയാട്ടത്തിനു മുമ്പിൽ ഞാൻ പകച്ചുനിന്നുപോയി. ഇന്നും ഞാൻ ഒരു വിശ്വാസിയാണ്, ഒരു തരി ലഹരിപോലും ഉപയോഗിക്കാത്തതിൽ അഭിമാനിക്കുന്നവനാണ്. ഇന്നെനിക്ക് പ്രതികരിക്കാനുള്ള ശബ്ദവും ഉണ്ട്. എനിക്കില്ലാത്തതൊന്നു മാത്രം. – നീ.

ജീവിതത്തിലെ ഒരു പുതിയ അധ്യായം തുടങ്ങുന്നിനുമുമ്പ് പുനർവിചിന്തനംപോലെ അവളെ കണ്ടത് ഒരു നിമിത്തംതന്നെയാണ്. ഒരു നോക്കുകൂടി കാണുവാൻ കഴിഞ്ഞിരുന്നെങ്കിൽ! ഞാൻ തിരികെ ഉള്ളിലേക്കു നടന്നു. അവളുടെ കൂടെയുള്ള പുരുഷൻ ഭക്ഷണശാലയിൽ പാഴ്സൽ മേടിക്കുവാൻ നിൽക്കുകയാണ്. ഞാൻ പയ്യെ അടുത്തുചെന്നു നിന്നു. "തിരക്കിനൊന്നും ഒരു കുറവും ഇല്ലല്ലേ?" ഞാൻ ചോദിച്ചു.

"അതേ. അതുകൊണ്ടാണ് ഒരു ബിരിയാണി പാഴ്സൽ വാങ്ങിച്ചുകൊണ്ടു പോകാമെന്നു വിചാരിച്ചത്."

പതിവു നിർവികാരതയോടെ അയാൾ മറുപടി പറഞ്ഞു.

"അരുത് സുഹൃത്തേ, അവൾക്ക് അരികൊണ്ടുള്ള ഭക്ഷണങ്ങളൊന്നും ഇഷ്ടമല്ല! എന്നു മറുപടി പറയണമെന്നുണ്ട്. പക്ഷേ, അത് ഇന്നു പറയുവാൻ എനിക്ക് എന്തവകാശം? അയാൾ പോയ പാതയിലൂടെ ഞാൻ കണ്ണോടിച്ചു. വിദൂരതയിൽ ഞാൻ അവളെ ഒരിക്കൽക്കൂടി കണ്ടു. പടികയറിപ്പോകുന്നതിനുമുമ്പ് അവൾ ഒരിക്കൽക്കൂടി ചുറ്റും നോക്കുന്നതു ഞാൻ ശ്രദ്ധിച്ചു. അറിയാവുന്ന ആരെങ്കിലും ഉണ്ടാകണമേ എന്നു വിളിച്ചോതുന്ന ഒരു നോട്ടം. വലത്തെ കൈകൊണ്ട് ഇടത്തെ കൈയിലെ ചെറുവിരലിലെ മോതിരം തലോടി, ദീർഘമായ ഒരു ശ്വാസം എടുത്ത്, അവൾ നടന്നകന്നു. ഞാൻ പെട്ടെന്നു തിരിഞ്ഞുനടന്നു. അടുത്തുള്ള ഒരു തൂണിലേക്കു ചാരിനിന്നു. ഈറനണിഞ്ഞ കണ്ണുകളെ മറയ്ക്കുവാൻ പാശ്ചാത്യലോകത്തിന്റെ സംഭാവന എന്ന മട്ടിൽ മുഖത്ത് സൺഗ്ലാസുകൾ അണിഞ്ഞു.

കണ്ണുനിറഞ്ഞത് ദേഷ്യംകൊണ്ടോ പകകൊണ്ടോ സങ്കടംകൊണ്ടോ അല്ല – മറിച്ച് ആത്മാർത്ഥമായ സന്തോഷം കാരണമാണ്. അവൾക്ക് എന്നെ മറക്കുവാൻ സാധിച്ചിരിക്കുന്നു, ഭൂതകാലത്തിന്റെ പിടിയിൽനിന്നു രക്ഷപ്പെട്ട് പുതിയൊരു ജീവിതം ആരംഭിക്കുവാൻ സാധിച്ചിരിക്കുന്നു. ദൗർബല്യങ്ങളിൽനിന്ന് അവൾക്കു മുക്തി നേടുവാൻ സാധിച്ചിരിക്കുന്നു. എത്ര മറക്കുവാൻ ശ്രമിച്ചിട്ടും എനിക്ക് അവളുടെ ഓർമകളെ തള്ളിക്കളയുവാൻ സാധിക്കുന്നില്ല. അതുമാത്രമാണ് എനിക്കു ജീവിക്കുവാനുള്ള പ്രചോദനം. എന്റെ തെറ്റുകുറ്റങ്ങൾ നികത്തി നീ കണ്ട എന്നിലെ യഥാർഥ ഞാനായി ഞാൻ മാറുകയാണ്. നിന്നെ എന്നിൽനിന്നു വിലക്കിയ സമൂഹത്തിലേക്ക് ഞാൻ ഇറങ്ങിച്ചെല്ലുകയാണ്; നമ്മൾ അനുഭവിച്ച ദുഃഖം മറ്റൊരാളും അനുഭവിക്കരുതേ എന്ന മന്ത്രമോടെ. സ്റ്റേഷനിൽനിന്നിറങ്ങി പാളയത്തിലൂടെ ബസ്സിൽ യാത്ര ചെയ്യുകാണ് ഇപ്പോൾ. കുട്ടിക്കാലത്ത് ചെയ്തു ശീലിച്ചതുപോലെ ജുമാമസ്ജിദിലും ഗണപതിക്ഷേത്രത്തിലും സെന്റ് ജോസഫ് കത്തീഡ്രലിലും ഒരുപോലെ പ്രാർഥിച്ചു.

ഞാൻ പേഴ്സ് തുറന്നു. അതിൽനിന്ന് അവളുടെ ചുക്കിച്ചുളിഞ്ഞ ഫോട്ടോയെടുത്ത് തലോടി. ദൈവമേ, അവൾ എനിക്കുള്ളതായിരുന്നില്ലേ? എന്റെ ശ്വാസവും മാറിലെ ചൂടും അറിഞ്ഞവളാണ് അവൾ. ഒന്നുമില്ലായ്മയിൽ എന്നിൽ എല്ലാം കണ്ടവളാണ് അവൾ. ഈ യാത്രയിലും എന്റെ അവസാനംവരെയും എന്റെ അസ്തിത്വത്തിന്റെ അടിസ്ഥാനമാണ് അവൾ. വിധിയുടെ ഒഴുക്കിനെ മറികടക്കുവാൻ വാളിന് മൂർച്ച കൂട്ടുന്നതുപോലെ നീ പ്രതിസന്ധികളാൽ എന്നെ രാകിയെടുത്തത്, ലോകം മുഴുവൻ വിജയിച്ചാലും എന്നിൽ അവൾ കണ്ട മനുഷ്യനായി ഞാൻ നിലനില്ക്കണം എന്നുള്ളതുകൊണ്ടായിരിക്കാം. ഞാൻ പയ്യെ കണ്ണുകളടച്ച് ബസ്സിന്റെ ജനലിലേക്കു ചാരി. കാഴ്ചയിൽ ഇരുട്ടുനിറഞ്ഞപ്പോൾ, നടുവിൽ വെളിച്ചത്തിന്റെ ഒരു തിരി ഉണർന്നു വരുന്നതായി എനിക്കു തോന്നി. അത്... അവളുടെ മുഖമായിരുന്നു. ഇന്നലെ എല്ലാമായിരുന്ന, ഇന്ന് ആരോ ഒരാളായി മാറിയ അവളുടെ മുഖം...

# ഗുരുമാനസം



**സിജു ജോസഫ്**
*അസിസ്റ്റന്റ് പ്രൊഫസർ*
*മലയാളവിഭാഗം*
*സെന്റ് തോമസ് കോളജ്*
*പാലാ*

വിയർപ്പിൽ കുതിർന്ന കുപ്പായവുമായി ഒരു മനുഷ്യൻ സൈക്കിൾ ചവിട്ടി പോവുകയാണ്. നാട്ടുവഴിയിലൂടെ വളരെ ക്ലേശിച്ചുനീങ്ങുന്ന ആ സൈക്കിളിന്റെ പിന്നിൽ ഒരു ചെറുകുട്ട നിറയെ പച്ചക്കറിയും പല ചരക്കുസാധനങ്ങളുമാണ്. കുത്തുകല്ലുകൾ കയറിച്ചെന്ന് ഒരു കൊച്ചുവീടിന്റെ തിണ്ണയിലേക്ക് തലയിൽനിന്നു കുട്ട ഇറക്കി വയ്ക്കുമ്പോൾ അയാൾ വല്ലാതെ കിതയ്ക്കുന്നുണ്ടായിരുന്നു. നിറകണ്ണുകളുമായി നില്ക്കുന്ന ഒരു അമ്മയെയും എട്ടോ പത്തോ വയസ്സുള്ള മകനെയും നോക്കി എന്തോ പറഞ്ഞ് പിശുക്കിയൊരു ചിരിയും നല്കി അയാൾ പടിയിറങ്ങിപ്പോയി. തന്റെ വിദ്യാലയത്തിലെ നൂറുകണക്കിനു വിദ്യാർഥികൾക്കിടയിൽ പട്ടിണികൊണ്ടു പൊറുതിമുട്ടുന്ന ഒരുവനുണ്ടെന്നു കണ്ടെത്തി മറ്റാരുമറിയാതെ, അവൻപോലുമറിയാതെ അവന്റെ വീടിതേടിയിറങ്ങിയ ഗുരുനാഥന്റെ പേര് വൈലോപ്പിള്ളി ശ്രീധരമേനോൻ എന്നാണ്.

അറിവിന്റെ അവസാനിക്കാത്ത വഴികളിൽ കാരുണ്യത്തിന്റെ പാഥേയം പങ്കിട്ടു നല്കിയ ശ്രേഷ്ഠരായ ചില ഗുരുനാഥന്മാർ ഇല്ലായിരുന്നെങ്കിൽ ചെറുസന്തോഷങ്ങളുടെ ചെരാതുകൾ മിന്നുന്ന ജീവിതാകാശത്തെ എപ്പോഴേ അമാവാസി വിഴുങ്ങുമായിരുന്നു! ആത്മാവിനെ തൊടാനറിയാത്ത ആർട്ടിഫിഷ്യൽ ഇന്റലിജൻസുകളുടെ ലോകത്ത് വഴി തെറ്റുമ്പോഴും വഴി മുട്ടുമ്പോഴും അപ്പനെയോ അമ്മയെയോപോലെ ഒരു കുഞ്ഞിനെ ചേർത്തുനിർത്താൻ കഴിയുന്ന ഒരാളെയെങ്കിലും സൂക്ഷിച്ചു വയ്ക്കുന്ന അറിവിടങ്ങൾ എത്രയോ ഭാഗ്യമുള്ളവയായിരിക്കും.

ഉപനയനകാലം പിന്നിട്ടു വരുന്ന വിദ്യാർഥിയെ 'ദ്വിജൻ' എന്നായിരുന്നു ഭാരതീയർ വിശേഷിപ്പിച്ചിരുന്നത്. വീണ്ടും ജനിച്ചവൻ എന്നാണർത്ഥം. സ്നേഹിച്ചും ശാസിച്ചും തിരുത്തിയും വളർച്ചയിൽ ഉള്ളുതുറന്നു സന്തോഷിച്ചും വീഴ്ചകളിൽ കരംപിടിച്ചുയർത്തിയും ശിഷ്യർക്കൊപ്പം സഞ്ചരിക്കുന്ന 'ഗുരുവിനെ ലഘുവാക്കാൻ' ഏതു കെട്ടകാലത്തിനാണു കഴിയുക!

ചെറുതെങ്കിലും സുരക്ഷിതമായിരുന്ന മരപ്പൊത്തിൽനിന്ന് തൂവലുറച്ച കാലമാകുമ്പോൾ പറന്നകലുന്ന കിളിക്കുഞ്ഞ് കനിയുണ്ടും കാഴ്ചകൾ കണ്ടും കൂട്ടത്തിൽനിന്നു കൊത്തിയകറ്റപ്പെട്ടും അലയുന്ന നാളുകളിലൊന്നിൽ പഴയ തരുഹൃദയത്തിലേക്കു മടങ്ങിവരും. ഇനിയും കൊഴിഞ്ഞുതീർന്നിട്ടില്ലാത്ത ഏതാനും ഇലകൾ കൂട്ടിവച്ചൊരു ചെറുതണൽ അതിനുവേണ്ടി ബാക്കിയുണ്ടാവണം. ഒരിക്കൽ പറന്നകന്നാലും ചേക്കേറാൻ ഇടമുള്ള ചില ശാഖകൾ ക്ലാസ്മുറികൾക്കും പഠനകാലത്തിനുമപ്പുറത്തേക്ക് കുഞ്ഞുങ്ങൾക്കുവേണ്ടി വളർത്തിയെടുക്കാൻ ഇന്നത്തെ അധ്യാപകർക്കും അറിവിടങ്ങൾക്കും എത്ര മാത്രം സാധിക്കുന്നുണ്ട്?


"ഗുരുശിഷ്യന്മാർ
പണ്ടേയൊരു വീട്ടുകാർ
അറിവുരുളയുരുട്ടി ഞാൻ
നിന്നെയൂട്ടീലേ മുന്നം
പകരമെനിക്കു ചോറ് കുഴച്ചുതരും
കേമൻ മകനാലൂട്ടപ്പെട്ടെൻ
മാനസം കുളിരട്ടെ."

വൈലോപ്പിള്ളിയുടെ 'ഹെഡ്മാസ്റ്ററും ശിഷ്യനും' എന്ന കവിതയിലെ വരികളാണിത്. 'കുന്നുകൾക്കിടയ്ക്ക് ആന'യെന്നതുപോലെ ചൂരലും കൈയിലേന്തി 'പുലിവീരരാം വിദ്യാർഥികളെപ്പോലും വിറപ്പിച്ചു ഭരിച്ച ഒരു ഗുരുനാഥൻ വിരമിച്ച് വർഷങ്ങൾക്കുശേഷം ശിഷ്യൻ അദ്ദേഹത്തെ കാണാനെത്തുന്നതാണ് സന്ദർഭം. വാതരോഗം കലശലായി കിടപ്പിലായിപ്പോയ അദ്ദേഹത്തിന് മകൾ ചോറു വാരിക്കൊടുക്കുമ്പോഴാണ് 'എഞ്ചിനീയറായ' ശിഷ്യൻ കാണാനെത്തുന്നത്. സ്നേഹസാന്ദ്രമായ ചില വാക്കുകൾ കൊണ്ട് അവർ രണ്ടു പേരും പോയകാലത്തെ വീണ്ടെടുക്കുന്നു. പലനാൾ അടുത്തിടപെട്ടെങ്കിലും ഒരു താക്കോൽപ്പഴുതിലൂടെന്നപോലെയാണ് കർക്കശക്കാരനായ ഗുരുവിനെ ശിഷ്യൻ എന്നും നോക്കിയിരുന്നത്.

എങ്കിലും
"സ്വൈരമാം തെളിവാക്കിൽ
ജ്ഞാനത്തിന്നഗാധത
ഗൗരവപ്പുരികത്തിൻ
കീഴിലാ സ്നേഹാർദ്രത" എന്ന് ഗുരുഭാവത്തെ സൂക്ഷ്മമായി തിരിച്ചറിയാനും അടയാളപ്പെടുത്താനും ശിഷ്യനു കഴിയുന്നുണ്ട്. അതുകൊണ്ടാണ് രോഗത്തിന്റെയും വാർധക്യത്തിന്റെയും നിസ്സഹായതയിൽ കഴിയുമ്പോഴും ആ ഗുരുനാഥൻ തന്നെ തേടിയെത്തിയ ശിഷ്യനെ നോക്കി ഇങ്ങനെ പറയുന്നത്;

"കാലമെൻ കൈയും
കാലും ചങ്ങലയ്ക്കിട്ടാലെന്ത്?
നിങ്ങളിൽ ഞാൻ ജീവിപ്പൂ."

ഗുരുപാദങ്ങളെ വന്ദിക്കുക എന്നാൽ ഉത്തമനായ ഒരു മനുഷ്യൻ സഞ്ചരിച്ച നിർമ്മലവും നിസ്വാർത്ഥവുമായ വഴികളെ നാം ആദരവോടെ ഓർക്കുകയും അതേ വഴിയിലൂടെ സഞ്ചരിക്കാൻ കടപ്പെട്ടിരിക്കുന്നു എന്ന് ഏറ്റുപറയുകയും ചെയ്യലാണ്. സഞ്ചരിക്കാനുള്ള വഴികൾ എത്രയോ വിശുദ്ധവും ത്യാഗനിർഭരവുമാണെന്ന് ഓർമിപ്പിക്കാനായിരുന്നല്ലോ ഈശോ ഗുരുവാകാനൊരുങ്ങിനില്ക്കുന്ന ഓരോ ശിഷ്യന്റെയും പാദം കഴുകി ചുംബിച്ചത്. ■





# എരിയുന്ന കനലുകൾ



**സ്നേഹ എസ്.**
*ബി.എ. മലയാളം*
*സെന്റ് തോമസ് കോളജ്*
*ഓട്ടോണമസ് പാലാ*

കനലാണു നീ
അമ്മയ്ക്കു നീ എരിയുന്ന കനൽ
അമ്മേയെന്നൊരു വിളിക്കായി
നിന്നെ കാത്തുകാത്തു നിന്നു
നെഞ്ചിലൊരു പാൽക്കുടത്തിൽ
സ്നേഹം നിറച്ച്
കണ്ണിൽ മൺചെരാതിൻ
സ്നേഹത്തിരികൊളുത്തി
കിനാവിന്റെ കളിത്തൊട്ടിൽ
താരാട്ടിൻ ഈണമുണർത്തി
കാത്തിരുന്നു കൺമണീ
നീയെൻ വിരൽത്തുമ്പിൽ
പിടിച്ചു പിച്ചവയ്ക്കുന്ന
ആ മനോഹരപുലർകാലത്തിനായി
നിൻ കളിചിരികൾ കാണാനായി
കാത്തിരിക്കുന്നു ഈ അമ്മ
എരിയുന്നൊരു കനലായ്
ആത്മാവിലെ കനലായ്
നീയെന്നും അമ്മയുടെ
നെഞ്ചിലെ എരിയുന്ന കനലായ്
പോയതെന്തേ നീ
അമ്മയെ തനിച്ചാക്കി...?

# വീരപാണ്ഡ്യ കട്ടബൊമ്മൻ



**നിഥിൻകുമാർ ജെ.**
**പത്തനാപുരം**
*ശ്രീനാരായണ ഓപ്പൺ*
*യൂണിവേഴ്സിറ്റി*
*എം.എ. മലയാളം*

രാജ്യം സ്വാതന്ത്ര്യദിനമാഘോഷിക്കുന്ന വേളയിൽ നമ്മൾ പല മുഖങ്ങളും അഭിമാനത്തോടെ ഓർക്കാറുണ്ട്. ഗാന്ധിയും നെഹ്റുവും സുഭാഷ് ചന്ദ്രബോസും അതിൽ നിറഞ്ഞുനിൽക്കുന്നു. എന്നാൽ, അവർക്കുമുമ്പേ ബ്രിട്ടീഷ് ഭരണത്തിനെതിരേ പോരാടിയ എത്രയധികം ധീരന്മാരുണ്ട്! പലരെയും നമ്മൾ അറിഞ്ഞോ അറിയാതെയോ വിസ്മരിക്കുന്നു. അവരിൽ ഒരാളാണ് വീരപാണ്ഡ്യ കട്ടബൊമ്മൻ. തമിഴ്നാട്ടിലെ പാഞ്ചാലക്കുറിച്ചി (ഇന്നത്തെ തിരുനെൽവേലി) സ്വദേശിയാണ് അദ്ദേഹം. 1760 ജനുവരി മൂന്നിന് ജനിച്ച അദ്ദേഹത്തിന്റെ മുഴുവൻ പേര് വീരരാജ ജഗവീരപാണ്ഡ്യ



സുബ്രഹ്മണ്യ കട്ടബൊമ്മൻ. ബ്രിട്ടീഷ് ഭരണത്തിനെതിരേ പടനയിച്ച പാഞ്ചാലക്കുറിച്ചിയിലെ ഭരണാധികാരിയായിരുന്നു വീരപാണ്ഡ്യ കട്ടബൊമ്മൻ. ഒന്നാം സ്വാതന്ത്ര്യ സമരത്തിന് ആറു ദശകംമുമ്പ് ബ്രിട്ടീഷുകാർക്കെതിരേ കട്ടബൊമ്മൻ പടനയിച്ചുവെങ്കിലും, രക്തരൂഷിതമായ ഒരു യുദ്ധത്തിനൊടുവിൽ ബ്രിട്ടീഷുകാർ കട്ടബൊമ്മനെ തടവിലാക്കുകയും 1799 ൽ തൂക്കിലേറ്റുകയും ചെയ്തു. കൂടാതെ, അദ്ദേഹത്തിന്റെ കോട്ട തകർക്കുകയും സമ്പത്തു കൊള്ളയടിക്കുകയും ചെയ്തു. ഇന്നു തമിഴ്നാട്ടിൽ തൂത്തുക്കുടിയിലെ ചരിത്രപ്രധാനമായ സ്ഥലമാണ് പാഞ്ചാലക്കുറിച്ചി. അദ്ദേഹത്തിന്റെ സ്മരണയ്ക്കായി പാഞ്ചാലക്കുറിച്ചിയിൽ ഒരു കോട്ട പണിത് തമിഴ്നാട് സർക്കാർ അദ്ദേഹത്തെ ആദരിച്ചു. 1857 ൽ മംഗൾ പാണ്ഡെ ആരംഭിച്ച ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിനു വളരെ മുമ്പുതന്നെ ബ്രിട്ടീഷുകാർക്കെതിരേ നിലകൊണ്ട ധീരനായ ഒരു തമിഴ്നായകനെന്ന നിലയിൽ അദ്ദേഹത്തിന്റെ പേര് ജനങ്ങൾക്കിടയിൽ ഓർമ്മിക്കപ്പെടുന്നു.



# ചരമയറിയിപ്പ്



**ആൽബിൻ കൊട്ടാരം**
*എം.എസ്സി. മാത്സ്*
*സെന്റ് തോമസ് കോളജ്*
*പാലാ*

"ഈ ഇടവക തെക്കുംഭാഗത്തു താമസിക്കുന്ന കളപ്പുരയ്ക്കൽ ബെന്നിയുടെ മകൾ എയ്ഞ്ചൽ 12 വയസ് നിര്യാതയായി. മൃതസംസ്കാരശുശ്രൂഷകൾ നാളെ രാവിലെ 11 മണിക്ക് പരേതയുടെ ഭവനത്തിൽ ആരംഭിക്കും. പരേതയുടെ ആത്മശാന്തിക്കായി പ്രാർഥിക്കുമല്ലോ."

പള്ളിയിലെ ചരമയറിയിപ്പു കേട്ട് പീലിപ്പാപ്പന് ഒരു കൗതുകം തോന്നി... ഏതോ കൊച്ചുകുഞ്ഞ് മരിച്ചുപോയിരിക്കുന്നു.

കുർബാന കഴിഞ്ഞ് പതിവില്ലാതെ പീലിപ്പാപ്പൻ തന്റെ അംബാസഡർകാറിൽ മരിച്ച വീട്ടിലേക്കു യാത്ര പുറപ്പെട്ടു. കാലത്തിന്റെ കാലുകൾ അയാളുടെ കൈയിലെ ചെയിൻവാച്ചിൽനിന്നും അയാളെ നോക്കി സഹതാപം പൂണ്ടു. പത്താം ദശകത്തിൽ തന്റെ ജീവിതത്തിന്റെ ദിശ ശരിയാണോ എന്ന് ഇടയ്ക്കിടയ്ക്കു പരിശോധിക്കുന്ന ഒരു പഴയ വടക്കുനോക്കിയന്ത്രം കാറിനുള്ളിൽ വെറുതെ ഇരിക്കുന്നുണ്ടായിരുന്നു.

വലിയ മുറവിളികളും കണ്ണുനീരും ആശ്വാസവാക്കുകളും തളം കെട്ടിനിൽക്കുന്ന ആ മരണവീട്ടിലേക്ക് അയാൾ നിർവികാരനായി കയറിച്ചെന്നു. അറിയുന്ന ആളുകൾ ആരുമില്ല. എല്ലാം അപരിചിതരായ ആളുകൾ... ഹാവൂ... സമാധാനം. അല്ലെങ്കിലും തനിക്ക് ഈ മനുഷ്യരോടു സംസാരിക്കാൻ വലിയ പാടാണ്. അപ്പനും അമ്മയും മരിച്ചതിനുശേഷം ആകെ കൂടെയുണ്ടായിരുന്ന സഹോദരിയും അവളുടെ മക്കളും വിദേശത്തേക്കു പോയതോടെ ആശ്വാസമായി. ഉത്തരവാദിത്വങ്ങൾ ഇല്ല... ബന്ധങ്ങളില്ല... സ്വതന്ത്രം... ശാന്തം.

എന്നും രാവിലെ എഴുന്നേൽക്കും, ഇടയ്ക്കു പള്ളിയിൽ പോകും, തിരിച്ചു വരും. സ്വന്തമായി പാചകം ചെയ്യും. സ്വന്തം കൃഷിയിടത്തിൽ എന്തെങ്കിലുമൊക്കെ വേല ചെയ്യും. പഴയ കുറച്ച് സിനിമകൾ കാണും. ആകാശവാണിയിലെ കുറച്ചു പരിപാടികൾ കേൾക്കും. ഇടയ്ക്കു ചന്തയിൽ പോയി സാധനങ്ങൾ വിൽക്കും അത്രേ ഒള്ളൂ... അത്രമാത്രം.

ആദ്യമായിട്ടാണ് കഴിഞ്ഞ കുറെ പതിറ്റാണ്ടുകൾക്കിടെ ഒരു മരണവീട്ടിലേക്കു കയറിവരുന്നത്. മരണം എന്നല്ല, മാമ്മോദീസ, കല്യാണം തുടങ്ങി ഒരു പരിപാടിക്കും ആരും വിളിക്കാറുമില്ല, പോകാറുമില്ല.

ആരെയും അറിയില്ലെങ്കിലും എല്ലാവരും തന്നെ നോക്കുന്നുണ്ട്. കണ്ടുപരിചയം ഉണ്ടാവും.

ചുറ്റും മരണത്തിന്റെ മണമാണ്. ഉള്ളിൽ ഒരു കുഞ്ഞുമാലാഖ വെളുത്തവസ്ത്രമണിഞ്ഞ് ചിരിച്ചുകൊണ്ട് ഈ ജീവനുള്ള ലോകത്തെ നോക്കി വെറുതെ കിടക്കുന്നു. ചുറ്റിലും പാവപ്പെട്ട കുറെ ആളുകൾ ആ കുഞ്ഞിനെയും നോക്കി കണ്ണുനീർ പൊഴിക്കുന്നു.

ജനസാഗരമാണ്. പീലപ്പാപ്പൻ പെട്ടെന്നുതന്നെ തിരിച്ചിറങ്ങി തന്റെ കാറെടുത്ത് വീട്ടിലേക്കു പോയി.

വീടിന്റെയുള്ളിൽ വല്ലാത്ത ഒരു ശൂന്യത. ഇന്നലെവരെ താൻ മാത്രമായ ഈ ലോകം വലിയ തിരക്കുള്ള ഒരു പ്രപഞ്ചമാണെന്നു താൻ വിശ്വസിച്ചു. പക്ഷേ, കൺമുന്നിൽ മരണം വന്നുനിന്ന് കൊഞ്ഞനം കുത്തുന്നു. താൻ മരിച്ചാൽ ഒരാളെങ്കിലും കരയണം, ഒരാളെങ്കിലും!

പീലിപ്പാപ്പൻ തന്റെ തൊണ്ണൂറ്റിരണ്ടാമത്തെ വയസ്സിൽ പുതിയ ഒരു ജീവിതത്തിനുവേണ്ടി തന്നെത്തന്നെ ഒരുക്കി. മനുഷ്യൻ എന്ന നിലയിൽ താൻ ഒരു പരാജയമാണ്. ബന്ധങ്ങളില്ലാത്ത മനുഷ്യൻ ഇരുട്ടിൽവച്ചിരിക്കുന്ന കറുത്ത പന്തുപോലെയാണ്. ആർക്കും ഒരിക്കലും കാണാത്ത അന്ധകാരത്തിന്റെ ഭീകരമായ ഏകാന്തതയിൽ കാലം കാൽപ്പന്ത് കളിക്കുന്ന കേവലമൊരു അജ്ഞാതമായ പന്ത്.

പീലിപ്പാപ്പൻ തന്റെ കാറുമെടുത്തു പുറത്തേക്കിറങ്ങി. തന്റെ മരണം ഒരു ആഘോഷമാക്കണം. ഒരാളെങ്കിലും കരയണം. ഒരുപാട് ആളുകൾ കൂടണം. താൻ മരിച്ചു എന്ന് എല്ലാവരും അറിയണം. പിറ്റേന്നു മുതൽ വീട്ടിൽ പാൽ, പത്രം മുതലായവ ആരംഭിച്ചു. അവരോടെല്ലാം പീലിപ്പാപ്പൻ സംസാരിക്കാനുള്ള വലിയ ശ്രമങ്ങൾ നടത്തി. മീൻകാരന്റെ അടുത്താണ് പീലിപ്പാപ്പൻ വിജയിച്ചത്. വീട്ടിൽ ഒരു പട്ടിയെ വാങ്ങി. നിശ്ശബ്ദമായ ആ വലിയ വീട് പതിയെ പതിയെ ശബ്ദങ്ങളെ പരിചയപ്പെട്ടുതുടങ്ങി.

പോരാ... തന്റെ മരണം ഇനിയും ആഘോഷമാക്കാനുള്ള വക ആയിട്ടില്ല.പീലിപ്പാപ്പൻ തന്റെ പഴയ പെട്ടിയിൽനിന്നും ഒരു തുണ്ടു കടലാസും ഒരു പേനയും എടുത്ത് എഴുതാൻ ആരംഭിച്ചു.

'പ്രിയപ്പെട്ട അമ്മിണിക്ക്, ...എനിക്കു നിന്നെ ഒരുപാട് ഇഷ്ടം ആയിരുന്നു. ഇന്നും. അതേ... എന്നും ആയിരിക്കും.'

എഴുത്തുകാരന്റെ വിലാസം ഇല്ലാതെ കത്ത് അമ്മിണിയമ്മയുടെ വീട്ടിലേക്ക് അയച്ചു.

ആഘോഷമായി താൻ പെട്ടിയിൽ കിടക്കുമ്പോൾ, പ്രണയിക്കാത്ത ഒരാളാണ് താൻ എന്ന കുറ്റബോധം ഉണ്ടാവില്ല. കല്യാണം വേണ്ടായെന്നു വച്ചത് ഈ പ്രണയത്തിനുവേണ്ടിയായിരുന്നോ... ആവോ... ഓർമകൾക്കെല്ലാം മരണം നേരിട്ടു തുടങ്ങി. ഓർമകളാണ് തനിക്കു മുമ്പേ മരിക്കുക എന്നത് ഓർക്കുമ്പോൾ ത്തന്നെ മരണം അനുഭവപ്പെടുന്നു.

ടൗണിൽ ശവപ്പെട്ടിക്കടയിലെത്തി ഏറ്റവും വിലപ്പിടിപ്പുള്ള ഒരു ശവപ്പെട്ടി നിർമിക്കാൻ പണം നൽകി. താൻ മരിക്കുമ്പോൾ



ഇതു വീട്ടിൽ എത്തിക്കണമെന്ന് കടക്കാരനെ പറഞ്ഞേല്പിച്ചു. ഈ നാട്ടിൽ ഇതിനേക്കാൾ മനോഹരമായ ഒരു ശവപ്പെട്ടി ഉണ്ടാവാൻ പാടില്ല.

ഹോ...തന്റെ മരണം ഒരു ഇതിഹാസം ആകുമെന്ന് അയാൾ മനസ്സിൽ പറഞ്ഞു.

പള്ളിയിലെത്തി അച്ചനെ കണ്ട് ഏറ്റവും പ്രധാനപ്പെട്ട ഒരിടത്തുതന്നെ ഒരു കല്ലറ വാങ്ങിച്ചു.

ഇനിയും ആഘോഷമാക്കാൻ എന്താണു വഴി?

ഇതെല്ലാം ഉണ്ടെങ്കിലും മരണം ഗംഭീരമാകണമെങ്കിൽ ആരെങ്കിലും കരയണം. ഹൃദയം പൊട്ടി കരയാൻ ആരെങ്കിലും വേണം. സഹോദരിയെ ഫോൺ ചെയ്താലോ?

വേണ്ട... ഇനി വേറൊരു രാജ്യത്തുനിന്ന് ഇവിടംവരെ കരയാൻവേണ്ടി വരുക എന്നൊക്കെ പറഞ്ഞാൽ വലിയ കഷ്ടപ്പാടാണ്.

അയൽപക്കത്തെ അനാഥമന്ദിരത്തിലും ആശുപത്രിയിലും എത്തി കുറെ പണം നൽകി ആളുകളെ സഹായിച്ചുകൊള്ളാം... താൻ ഒരു വലിയ മനുഷ്യസ്നേഹിയായി മാറിയിരിക്കുന്നു.

താൻ മരിക്കുമ്പോൾ ധരിക്കുന്നതിനായി വിലപ്പിടിപ്പുള്ള വസ്ത്രങ്ങൾ വാങ്ങി അലമാരയിൽ വച്ചു.

ഇനിയും എന്താണ് ഒരുക്കേണ്ടത്?

ആളുകൾ ഒരുപാട് വരണം. എങ്കിൽ കുറച്ചുകൂടി ആളുകളെ പരിചയപ്പെടണം.നാട്ടിലുള്ള കുറെ ആളുകളെ പോയി പരിചയപ്പെട്ടു. മനുഷ്യരോടു സംസാരിക്കാൻ കൊള്ളാം. അത് അയാൾക്ക് ഒരു പുതിയ അനുഭവമായിരുന്നു.

മുഖ്യമന്ത്രിയെ കണ്ട് തന്റെ മരണത്തിനു ക്ഷണിക്കണം. അതിനായി എത്ര പണം മുടക്കണമെന്ന് അറിയില്ല. ഏതായാലും കുറെ പണവുമായി പീലിപ്പാപ്പൻ മുഖ്യമന്ത്രിയെ കാണാൻ തിരുവനന്തപുരത്തേക്കു യാത്ര പുറപ്പെട്ടു.

യാത്രയ്ക്കിടയിൽ കുറെ ആളുകളെ കാണാൻ സാധിച്ചു. നല്ല മനുഷ്യർ. തിരുവനന്തപുരം നഗരത്തിൽ എത്തിയപ്പോൾ വല്ലാത്ത തിരക്കാണ്. മുഖ്യമന്ത്രി പങ്കെടുക്കുന്നതോടുകൂടി തന്റെ മരണം വലിയ ഒരു ഉത്സവംതന്നെ ആയി മാറും എന്നു ചിന്തിച്ചുകൊണ്ട് റോഡ് കുറുകെ കടക്കുമ്പോൾ ഒരു അംബാസഡർ കാർ അയാളുടെ പ്രതീക്ഷകൾക്കു മുകളിലൂടെ ഉരുണ്ടുപോയി. കൈയിലെ കാലത്തിന്റെ കാലുകൾ ചിതറിത്തെറിച്ച് കാലത്തോടു ചേർന്നു.

നഗരത്തിൽ അപകടത്തിൽ പെട്ട് അജ്ഞാതൻ മരിച്ചു...

രണ്ടു മൂന്നു ദിവസത്തെ പത്രത്തിൽ അജ്ഞാതമൃതദേഹം എന്ന് എവിടെയൊക്കെയോ വന്നു.

വീട്ടിൽ ഒരു പട്ടി മോങ്ങിക്കൊണ്ടിരുന്നു. പൊതുശ്മശാനത്തിൽനിന്നും ഉയർന്ന പുക സമയത്തെ നോക്കി പല്ലിളിച്ചു.

എന്നാൽ, ആരൊക്കെയോ പീലിപ്പാപ്പാനെ കാണാനില്ല എന്ന് നാട്ടിൽ പറഞ്ഞുതുടങ്ങി.

---

## എന്റെ വര



**അഭിനവ് വിജീഷ്**
*ക്ലാസ് 7*
*സെന്റ്*
*തെരേസാസ്*
*എച്ച്.എസ്.എസ്.*
*വാഴപ്പിള്ളി*




---



**ജയലക്ഷ്മി ജി.**
*ഇന്ദിരാഗാന്ധി നാഷണൽ*
*ഓപ്പൺ യൂണിവേഴ്സിറ്റി*
*ന്യൂഡൽഹി*

## കാണെക്കാണെ മരിച്ചുപോകുന്നവർ



ഇടവപ്പാതിയുടെ ഇരുട്ടുവീണൊരു പകൽ
ലാപ്ടോപ്പ് കിരണങ്ങളേറ്റ് മിഴിതുറന്ന നേരം
വെളുപ്പുനിറയുന്ന വാട്സ്ആപ്പ് മുറിയിൽ
ചിരിച്ചൊരു മുഖം, പരിചിതഭാവം
കഴിഞ്ഞുപോയൊരു ദിനം എന്നെക്കണ്ട്
വിടർന്നതാണ് ആ കണ്ണുകൾ
ആ ഓർമ്മക്കൂട്ടിൽ
ഞാൻ എങ്ങനെ കയറിപ്പറ്റിയെന്ന്
എന്റെ കണ്ണ് അന്നു പരതി
അവർ എന്തിനാണ് ഇപ്പോൾ മരിച്ചുപോയത്?
എനിക്കവരെ ഒന്നൂടെ
ചിരിച്ചുകാണിക്കണമായിരുന്നു!